# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 905 | 8.3.2012-ലെ മറുപടിക്ക് |
|---|---|

## ഹോട്ടലുകളിലെ ആഹാരപദാർത്ഥങ്ങളുടെ ഗുണമേന്മ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ആഹാര ഗുണനിരീക്ഷണ ലബോറട്ടറി നടത്തിയ സാമ്പിൾ പരിശോധനയിൽ, വിവിധ ഹോട്ടലുകളിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ 66.7% ഭക്ഷ്യയോഗ്യമായവ അല്ലായിരുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) അപ്രകാരമുള്ള പരിശോധനകൾ ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള ഭക്ഷ്യപരിശോധനാ ലബോറട്ടറികൾ നടത്തിയിട്ടില്ല |
| ബി) എങ്കിൽ ഇക്കാര്യത്തിൽ ഗുണമേന്മ ഉറപ്പാക്കാനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) ബാധകമല്ല |
| സി) തിരുവനന്തപുരത്തും കോട്ടയത്തും നവംബർ മാസത്തിൽ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ നക്ഷത്ര പദവിയുള്ള ഹോട്ടലുകളിലുൾപ്പെടെ, പഴകിയതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ആഹാര പദാർത്ഥങ്ങളാണ് നൽകിയിരുന്നതെന്ന് വെളിവായത് ഗൗരവമായി കണ്ടിട്ടുണ്ടോ; | സി) ഉണ്ട്. |
| ഡി) ഇക്കാര്യത്തിൽ എന്തു തുടർനടപടികളാണ് സ്വീകരിച്ചത്; ഈ ഹോട്ടലുകൾക്കെതിരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | ഡി) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫുഡ് ഇൻസ്പെക്ടറേറ്റിലെ ഉദ്യോഗസ്ഥർ ഹോട്ടലുകളിൽ പരിശോധന നടത്തുകയും ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ |

| | |
|---|---|
| | കണ്ടെത്തി നശിപ്പിക്കുകയും ചെയ്ത ഹോട്ടലുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) ഇപ്പോൾ എത്തരം റെയ്ഡുകൾ നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇ) ഭക്ഷ്യ സുരക്ഷാ നിയമത്തിൽ അവബോധന ക്ലാസ്സുകൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. വ്യാപാരികൾക്കും ഹോട്ടലുകൾക്കും നിയമത്തിൽ പറയുന്ന ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകി വ്യവസ്ഥകൾക്കനുസരിച്ച് വ്യാപാരം നടത്താൻ ആവശ്യപ്പെടുന്നതാണ്. നോട്ടീസിൽ പറയുന്ന കാര്യങ്ങൾ ചെയ്തില്ലെങ്കിൽ കേസെടുക്കുകയോ ലൈസൻസ് റദ്ദാക്കുകയോ ചെയ്യുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ